**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **04-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 സെപ്റ്റംബർ 20 വരെ സംസ്ഥാനത്ത് കോവിഡ് ബാധിച്ച് എത്ര പേർ മരിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | 2021 സെപ്റ്റംബർ 20 വരെ സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) | കോവിഡ് പോസിറ്റീവായി മുപ്പത് ദിവസത്തിനുള്ളിൽ മരിച്ചവരും കോവിഡ് മരണത്തിൽ ഉൾപ്പെടുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരളത്തിലെ കോവിഡ് മരണങ്ങൾ ഇതനുസരിച്ച് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ; ഇതിനായി മരിച്ചവരുടെ ബന്ധുക്കൾ പ്രത്യേകം അപേക്ഷ ആരോഗ്യവകുപ്പിന് നൽകേണ്ടതുണ്ടോ ; | (ബി) | കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണകാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും ചെയ്തു (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം |

| | | | |
|---|---|---|---|
| | | | വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു ഇതിനു പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ചു മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. |
| (സി) | കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണകാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും ചെയ്തു |

(F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റ മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ച ഇതിനു പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ

| | | | |
|---|---|---|---|
| | | | (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ച മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. |
| (ഡി) | കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച് ബന്ധുക്കൾക്ക് പരാതിയുണ്ടെങ്കിൽ പരിഗണിക്കാൻ സംസ്ഥാനത്ത് ജില്ലാതലത്തിൽ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ; | (ഡി) | കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വന്നിരുന്നത്. കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണകാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും ചെയ്തു (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ |

| | | | |
|---|---|---|---|
| | | | 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു ഇതിനു പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ച മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. |
| (ഇ) | വിദേശത്തുവെച്ച് കോവിഡ് ബാധിച്ച് മരിച്ച കേരളീയരുടെ കണക്കുകൾ സർക്കാരിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ? | (ഇ) | വിദേശത്ത് വെച്ച് കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസി മലയാളികളെ സംബന്ധിച്ച ഡാറ്റ തയ്യാറാക്കുന്നതിനായി വിശദ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോട്ടും, കൂടാതെ എല്ലാ ജില്ലാ കളക്ടർമാരോടും അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ എല്ലായിടങ്ങളിൽ നിന്നും നാളിതുവരെയും ലഭ്യമാകാത്ത സാഹചര്യത്തിൽ വ്യക്തമായ കണക്കുകൾ നിലവിൽ സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം | 3787 |
| കൊല്ലം | 1877 |
| പത്തനംതിട്ട | 751 |
| ആലപ്പുഴ | 1372 |
| കോട്ടയം | 1031 |
| ഇടുക്കി | 345 |
| എറണാകുളം | 2315 |
| തൃശ്ശൂർ | 2710 |
| പാലക്കാട് | 2303 |
| മലപ്പുറം | 2140 |
| കോഴിക്കോട് | 2543 |
| വയനാട് | 405 |
| കണ്ണൂർ | 1595 |
| കാസർഗോഡ് | 508 |
| **ആകെ** | **23683** |